**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **16-03-2022 - ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിൽ പുനർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും 2021 ൽ വിരമിച്ച വ്യക്തികൾക്ക് കെ.എസ്.ബി.സി. യിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; പേരും തസ്തികയും വിരമിച്ച തീയതിയും വെളിപ്പെടുത്താമോ; | (എ) | എ&ബി) ഉണ്ട്, കെ.എസ്.ബി.സി-യിൽ റീജിയണൽ മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മാനേജർ(ഓപ്പറേഷൻസ്) ഇൻ-ചാർജ്ജ് ചുമതല കൂടി വഹിച്ചിരുന്ന ശ്രീ.അജി ശ്രീധർ 31.07.2021 തീയതിയിൽ കെ.എസ്.ബി.സി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും 25.08.2021 തീയതിയിലെ G.O(Rt) നം. 575/2021/Taxes ഉത്തരവ് പ്രകാരം ടിയാനെ 6 മാസം കൂടി കരാർ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി-യുടെ തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകി മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ താല്ക്കാലികമായി നിലനിർത്തുവാൻ അനുമതി നൽകിയിരുന്നു. ടിയാന് നൽകിയിരുന്ന കോൺട്രാക്ട് സാലറി പ്രതിമാസം 87814/- രൂപയാണ്. |
| (ബി) | ഇപ്രകാരം പുനർനിയമിക്കപ്പെട്ട എത്ര പേർ കെ.എസ്.ബി.സി. യിൽ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്; ഇവരുടെ പേരും നിലവിലെ തസ്തികയും ശമ്പളവും നിയമന കാലാവധിയും വെളിപ്പെടുത്താമോ; | (ബി) | എ) & എ & ബി) ഉണ്ട്, കെ.എസ്.ബി.സി-യിൽ റീജിയണൽ മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മാനേജർ(ഓപ്പറേഷൻസ്) ഇൻ-ചാർജ്ജ് ചുമതല കൂടി വഹിച്ചിരുന്ന ശ്രീ.അജി ശ്രീധർ 31.07.2021 തീയതിയിൽ കെ.എസ്.ബി.സി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും 25.08.2021 തീയതിയിലെ G.O(Rt) നം. 575/2021/Taxes ഉത്തരവ് പ്രകാരം ടിയാനെ 6 മാസം കൂടി കരാർ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി-യുടെ തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകി മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ താല്ക്കാലികമായി നിലനിർത്തുവാൻ അനുമതി നൽകിയിരുന്നു. ടിയാന് നൽകിയിരുന്ന കോൺട്രാക്ട് സാലറി പ്രതിമാസം 87814/- രൂപയാണ്. |
| (സി) | സർവ്വീസിൽ നിന്നും വിരമിക്കുന്നവരെ | (സി) | സി & ഡി) കെ.എസ്.ബി.സി-യുടെ ദൈനംദിന |

| | | | |
|---|---|---|---|
| | കെ.എസ്.ബി.സി. യിൽ പുനർനിയമിക്കുന്നതിന്റെ ആവശ്യകതയെന്തെന്നും പുനർനിയമനം നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്നും ആയതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തെല്ലാമെന്നും വിശദമാക്കാമോ; | | പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുവാൻ കാര്യക്ഷമതയും ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പരിചയസമ്പന്നതയും ഉള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യം കണക്കിലെടുത്താണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവരെ താൽക്കാലികമായി കെ.എസ്.ബി.സി-യിൽ നിലനിർത്തുന്നത്. ഇവരുടെ പരിചയസമ്പന്നതയും കാര്യക്ഷമതയും കെ.എസ്.ബി.സി -യുടെ നാനാവിധമായ പ്രവർത്തനങ്ങൾക്ക് നേട്ടമാകാറുണ്ട്. |
| (ഡി) | പ്രസ്തുത നിയമനങ്ങൾ മൂലം കെ.എസ്.ബി.സി. യ്ക്ക് അധികമായി എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | സി& ഡി കെ.എസ്.ബി.സി-യുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുവാൻ കാര്യക്ഷമതയും ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പരിചയസമ്പന്നതയും ഉള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യം കണക്കിലെടുത്താണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവരെ താൽക്കാലികമായി കെ.എസ്.ബി.സി-യിൽ നിലനിർത്തുന്നത്. ഇവരുടെ പരിചയസമ്പന്നതയും കാര്യക്ഷമതയും കെ.എസ്.ബി.സി -യുടെ നാനാവിധമായ പ്രവർത്തനങ്ങൾക്ക് നേട്ടമാകാറുണ്ട്. |
| (ഇ) | നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ ഇല്ലാത്ത ജി.എം. (ഓപ്പറേഷൻസ്), ജി.എം. (ഐ.ടി.) എന്നീ തസ്തികകളിലെ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇ) ജി.എം(ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് കെ.എസ്.ബി.സി അപേക്ഷ ക്ഷണിച്ചിരുന്നു. കെ.എസ്.ബി.സി-യുടെ ബിസിനസ് വിപുലമാകപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ബഹു.കോടതി വിധിയുടെ പശ്ചാത്തലത്തിൽ എഫ്.എൽ.9 വെയർഹൗസുകളുടെയും എഫ്.എൽ.1 ഷോപ്പുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടാതെ കെ.എസ്.ബി.സി-യുടെ വിവിധ യൂണിറ്റുകൾ തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകത മുൻനിർത്തിയാണ് 15.11.2021 തീയതിയിലെ കെ.എസ്.ബി.സി ബോർഡ് യോഗത്തിൽ ജനറൽ മാനേജർ ഓപ്പറേഷൻസ് എന്ന തസ്തിക സൃഷ്ടിക്കുവാൻ തീരുമാനമുണ്ടായത്. കെ.എസ്.ബി.സി-യിൽ സർക്കാർ അനുവദിച്ച അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പത്രമാധ്യമങ്ങൾ മുഖേന വിജ്ഞാപനം നല്കിയപ്പോൾ പരസ്യ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ജനറൽ മാനേജർ(ഓപ്പറേഷൻസ്)നുള്ള വിജ്ഞാപനവും അതോടൊപ്പം കെ.എസ്.ബി.സി നൽകിയത്. |

| | | | |
|---|---|---|---|
| (എഫ്) | കെ.എസ്.ബി.സി. യിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേനയാക്കിയിട്ടുള്ളത്; പി.എസ്.സി. മുഖേനയല്ലാതെ കെ.എസ്.ബി.സി. യിൽ നിയമനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലെന്നും അവ പി.എസ്.സി. മുഖേന ആക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ? | (എഫ്) | എഫ്).കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ,എൽ.ഡി.സി,ഓഫീസ് അറ്റൻഡന്റ്/ ഷോപ്പ് അറ്റൻഡന്റ്,സ്റ്റെനോഗ്രാഫർ,ടൈപ്പിസ്റ്റ് ഗ്രേഡ്-2(കമ്പ്യൂട്ടർ അസിസ്റ്റന്റ്),ഡ്രൈവർ ഗ്രേഡ്-2 എന്നീ തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി മുഖേന നടന്നുവരുന്നത്. ജനറൽ മാനേജർ(ഫിനാൻസ്), അക്കൗണ്ട്സ് ഓഫീസർ, സ്വീപ്പർ കം സ്കാവഞ്ചർ എന്നീ തസ്തികകളിലെ നിയമനം പി.എസ്.സി മുഖേന അല്ലാതെയാണ് നടന്നുവരുന്നത്. ജനറൽ മാനേജർ (ഫിനാൻസ്), തസ്തികയിലെ നിയമനം 14/07/2015-ലെ G.O(Rt)No. 526/2015/TD അടിസ്ഥാനത്തിലും അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ നിയമനം സ്പെഷ്യൽ റൂൾ പ്രകാരവും നേരിട്ടുള്ള നിയമനത്തിനും സ്വീപ്പർ കം സ്കാവഞ്ചർ തസ്തികയിലെ സ്ഥിരനിയമനം എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ